# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1354 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ഹൈബി ഈഡൻ** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | നഗരസഭകളിലെ ആരോഗ്യവിഭാഗത്തിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അവലോകനം ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിഭാഗം ജീവനക്കാരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നത് ഒഴിവാക്കണമെന്ന നിർദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ ആരോഗ്യ വിഭാഗം ജീവനക്കാർക്ക് ആരോഗ്യ വകുപ്പുമായി ചേർന്ന് ആവശ്യമായ പരിശീലനം നൽകുന്നതിനും ജില്ലാ തലത്തിൽ പരിശീലനം ലഭിക്കുന്നവരെ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മറ്റ് ആരോഗ്യ വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഹോട്ടലുകളിൽ വൃത്തിഹീനമായ അന്തരീക്ഷത്തിൽ പാചകം ചെയ്യുന്നത് മൂലവും, പഴകിയ ആഹാരസാധനങ്ങൾ വിൽക്കുന്നത് മൂലവും ഭക്ഷ്യവിഷബാധയ്ക്കുള്ള സാഹചര്യം നിലനിൽക്കുന്നത് തടയുന്നതിന് നഗരസഭ ആരോഗ്യവിഭാഗം നടത്തുന്ന പ്രവർത്തനം വിശദീകരിക്കുമോ; പ്രസ്തുത പ്രവർത്തനം കാര്യക്ഷമമാണോ; | (ബി) | നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാർ ആഹാരസാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്. കടയ്ക്ക് ഡി & ഒ ലൈസൻസ് ഉണ്ടോ എന്നും കടയിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടോ എന്നും പരിശോധിക്കാറുണ്ട് വൃത്തിഹീനമായ ചുറ്റുപാടിലാണോ ആഹാരം പാകം ചെയ്യുന്നത്, പഴയ ആഹാരസാധനങ്ങൾ വിൽപ്പന നടത്താറുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് നഗരസഭാ ആരോഗ്യ വിഭാഗം പ്രധാനമായും പരിശോധിക്കുന്നത്. ടി പരിശോധനയിൽ വീഴ്ച കാണുന്ന പക്ഷം കടയുടമസ്ഥന് നോട്ടീസ് നൽകുകയും തുടർന്ന് കേരളാ മുനിസിപ്പാലിറ്റി ആക്ട് 532, 533, 534 പ്രകാരം പിഴ ഈടാക്കുന്നതിനും കട അടച്ചുപൂട്ടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ മുനിസിപ്പാലിറ്റി ആക്ട് 447 ഉം 477 ഉം പ്രകാരം കട പരിശോധിക്കുന്നതിനും 479 പ്രകാരം പഴകിയ ആഹാര സാധനങ്ങൾ പിടിച്ചെടുക്കുവാനുള്ള അധികാരവും 481 പ്രകാരം പഴകിയ സാധനങ്ങൾ പിടിച്ചെടുത്തത് നശിപ്പിക്കുവാനുള്ള അധികാരവുമുണ്ട്. കൂടാതെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 334 (എ) പ്രകാരം ഉറവിടത്തിൽ മാലിന്യസംസ്കരണ സംവിധാനം ഉണ്ടോ എന്നും ഉറപ്പ് വരുത്താറുണ്ട് |

| | | | |
|---|---|---|---|
| (സി) | പല നഗരസഭകളിലും ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് ഈ പ്രവർത്തനത്തെ പുറകോട്ടടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | നഗരസഭകളുടെ ആരോഗ്യ വിഭാഗം ജീവനക്കാരുടെ അനുവദിച്ചിട്ടുള്ള തസ്തികയിൽ യഥാസമയം ജീവനക്കാരെ നിയമിച്ച് ആരോഗ്യവിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| (ഡി) | ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടക്കാത്തത് മൂലം പകർച്ചവ്യാധി പൊട്ടിപുറപ്പെടാനുള്ള സാഹചര്യം പല നഗരസഭകളിലും നിലനിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരോഗ്യ വിഭാഗത്തിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ കൂടുതൽ ഊർജ്ജിതമാക്കുമോ? | (ഡി) | കഴിഞ്ഞ കാലങ്ങളിൽ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ട സാഹചര്യം പരിഗണിച്ച് പകർച്ചവ്യാധി പ്രതിരോധ - നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിഭാഗം ജീവനക്കാരെയും കുടുംബശ്രീ/സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി 'ആരോഗ്യ ജാഗ്രത' എന്ന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ